നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഈ കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലങ്ങളിൽ നിന്നും പിരിച്ച ചുങ്കം

* 207. [227] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 30-9-1986 വരെ പാലങ്ങൾക്ക് ചുങ്കം പിരിച്ച ഇനത്തിൽ സർക്കാരിന് എന്തു വരവുണ്ടായി ;

(ബി) ഈ ചുങ്കം പിരിവ് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ പണിതുകൊണ്ടിരിക്കുന്നതും വരും വർഷം പണിയാൻ പോകുന്നതുമായ എത്തെല്ലാം പാലങ്ങൾക്കു കൂടി ചുങ്കം പിരിക്കേണ്ടതായി വരും ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) നാഷണൽ ഹൈവേയിലെ പാലങ്ങളിൽനിന്ന് 1,82,12,268 രൂപയും സ്റ്റേറ്റ് ഹൈവേയിലെ പാലങ്ങളിൽനിന്ന് 5,92,451 രൂപയും വരവുണ്ടായി.

(ബി) ടോൾസ് ആക്ടനുസരിച്ചാണ് ചുങ്കം പിരിക്കുന്നത്. ഇതു നിറുത്തലാക്കുന്നതിനു ഉദ്ദേശമില്ല.

(സി) പിരിഞ്ഞു കിട്ടുന്ന ടോൾ പുതിയ പാലങ്ങൾ പണിയുന്നതിനു ഉപയോഗിക്കാവുന്നതിനാൽ ഇക്കാര്യത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനു ഉപകരിക്കുന്നതുകൊണ്ട് ടോൾ പിരിവ് നിറുത്തുന്നത് ശരിയല്ല.

(ഡി) ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട് ‡

മെറ്റൽ ചെയ്തതും ടാർ ചെയ്യാത്തതുമായ റോഡുകൾ

* 208. [228] ശ്രീ. പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലമ്പള്ളി :
,, ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ മെറ്റൽ ചെയ്തതും ടാർ ചെയ്യാത്തതുമായ എത്ര റോഡുകൾ നിലവിലുണ്ട് ;

(ബി) അവ ടാർ ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) റോഡുകൾ ടാറിംഗ് കൂടാതെ മെറ്റൽ മാത്രം ചെയ്യുന്ന നടപടി മാറ്റി ടാറിംഗ് ഉൾപ്പെടെയുള്ള പണി ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

‡ അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സാമ്പത്തിക ലഭ്യതയനുസരിച്ചു മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളു.

(സി) സ്വീകരിച്ചു വരുന്നുണ്ട്.

ഗതാഗതത്തിനായി തുറന്നു കൊടുത്ത പാലങ്ങൾ

* 209 [229] ശ്രീ. കെ. പി. രാമൻ:
,, പി. വി. മുഹമ്മദ്:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. ഹരി. അഹമ്മദ് അലി:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗതാഗതത്തിനായി തുറന്നുകൊടുത്ത പാലങ്ങൾ എത്ര;

(ബി) ഇവയിൽ മേജർ പാലങ്ങൾ എത്ര;

(സി) ഈ പാലങ്ങൾ പണിയുന്നതിനു എത്ര കോടി രൂപ ചിലവഴിച്ചു;

(ഡി) പണി പൂർത്തിയായിട്ടും ഗതാഗതത്തിന് തുറന്നുകൊടുക്കാത്ത എത്ര പാലങ്ങൾ സംസ്ഥാനത്തുണ്ട്;

(ഇ) അവ തുറന്നുകൊടുക്കാത്തതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നാഷണൽ ഹൈവേ വിഭാഗത്തിൽ മാമം പാലവും സ്റ്റേറ്റ് ഹൈവേ വിഭാഗത്തിൽ ഏരൂർ-ഇടപ്പള്ളി റോഡിലുള്ള അറക്കൈടവ് പാലവുമാണ് പണി തീർന്നിട്ടും തുറന്നുകൊടുക്കാത്തത്.

(ഇ) മാമം പാലത്തിന്റെ അപ്രോച്ച് റോഡ് തീർന്നിട്ടില്ല. അറക്കൈടവ് പാലത്തിന് ടോൾ ഈടാക്കുന്നതിനെ പറ്റി ഒരു കേസ് നിലവിൽ ഉണ്ട്. ടോൾ പിരിക്കുന്നതിന് കോടതി സ്റ്റേ കൊടുത്തിട്ടുമുണ്ട് ഈ കാരണത്താലാണ് ഈ പാലങ്ങൾ തുറന്നുകൊടുക്കാത്തത്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

1985-86-ലെ ഹജ്ജ് തീർത്ഥാടനം

883. [1307] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ൽ ഹജ്ജ് തീർത്ഥാടനത്തിനു വേണ്ടി അപേക്ഷിച്ചിരുന്നവർ എത്രയാണെന്നും അതിൽ എത്രപേർക്ക് അനുവാദം കൊടുത്തുവെന്നും അതിൽ എത്രപേർ പോയി എന്നും വ്യക്തമാക്കാമോ;

(ബി) അപേക്ഷകർക്ക് മുൻഗണനാക്രമം നോക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly